LIBRARY ARCHIVES Kerala Legislative Assembly

അധീനതയിലുള്ള തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ നൽകി കശുമാവ് കൃഷി വ്യാപനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

4. പഞ്ചായത്ത് തലത്തിൽ കശുമാവ് കർഷകരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കർഷകരുടെ കൂട്ടായ്മയിലൂടെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുവാൻ കൂടുതൽ കർഷകരെ ആകർഷിക്കുവാനുള്ള സംവിധാനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്.

5. ബ്ലോക്ക് തലത്തിൽ സ്വയം സഹായ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ കശുവണ്ടിക്ക് ന്യായവില ഉറപ്പവരുത്തി സമയബന്ധിതമായി വിപണനം സാധ്യമാക്കുന്നതിനായി കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

6. കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതുവഴി കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ബോധവത്കരണം നൽകുന്നതിനും ശാസ്ത്രീയമായ കശുമാവ് കൃഷിരീതികൾ അവലംബിക്കുന്നതിനുമായി കർഷക പരിശീലന പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനും ഫീൽഡുതല സന്ദർശനം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പക്സിന്റെ പെരുമ്പഴ ഫാക്ടറിയിൽ മേൽത്തരം അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500- ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്.

കശുവണ്ടി കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി ഉപയോഗിക്കുന്നത് സംബന്ധിച്ച്

158(428) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അഴിയൂരിൽ ദേശീയപാതയ്ക്കരികിൽ കശുവണ്ടി കോർപ്പറേഷന്റെ കൈവശമുള്ള ഏക്കർ കണക്കിന് ഭൂമിയും കെട്ടിടങ്ങളും വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ അഴിയൂരിൽ ദേശീയപാതയ്ക്ക് സമീപം കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലവും കെട്ടിടങ്ങളും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നും നാടൻ തോട്ടണ്ടി ശേഖരിച്ച് ഉണക്കി സൂക്ഷിക്കുന്നതിനായി ഉപയോഗിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് എത്ര ഏക്കർ ഉണ്ടെന്നും സ്ഥലത്തിനും കെട്ടിടങ്ങൾക്കും എത്ര കോടി രൂപ മതിപ്പുവിലയുണ്ടെന്നും അറിയിക്കുമോ?

മൂന്ന് ഏക്കർ 55 സെന്റ് സ്ഥലം ഉണ്ട്. സ്ഥലത്തിനും കെട്ടിടങ്ങൾക്കും മതിപ്പുവില നിശ്ചയിച്ചിട്ടില്ല.

(സി) ഈ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി എന്തെങ്കിലും പുതിയ വ്യവസായ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഈ സ്ഥലവും കെട്ടിടങ്ങളും ഉപയോഗിച്ച് കിറ്റ്കോ മുഖേന "കാഷ്യൂ ആപ്പിൾ" മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന പ്രോജക്ടിന്റെ പ്രൊപ്പോസൽ കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

കരുനാഗപ്പള്ളി മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ

159(429) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെയും മഹാവ്യാധിയുടെയും ഈ കാലത്ത് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കാപ്പക്സിന് കശുവണ്ടി ഫാക്ടറികൾ ഒന്നുംതന്നെയില്ല. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആദിനാട് ഒരു ഫാക്ടറിയാണുള്ളത്. കോവിഡ് മഹാമാരിമൂലം തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 50% തൊഴിലാളികളെ വീതം നിയോഗിച്ച് ആദിനാട് ഫാക്ടറി ഉൾപ്പെടെ കോർപ്പറേഷന്റെ 30 കശുവണ്ടി ഫാക്ടറികളും ജൂൺ 2 മുതൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. ലോക്ഡൗൺ നിയന്ത്രണങ്ങൾ പിൻവലിക്കുന്ന മുറയ്ക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഫാക്ടറികളിൽ ജോലി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ തൊഴിലാളികൾക്ക് ധനസഹായം പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?